കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ- മുട്ടക്കോഴികൾ- ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള ഹൈഡെൻസിറ്റി ഫ്രെയിം ഉപയോഗിച്ചുള്ള കൂട് - ചെലവിന്റെ സബ്സിഡി നിലവിലുള്ള 25 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിച്ചും കൂട് ഉള്ളവർക്ക് പ്രസ്തുത വിവരം നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ നിർബന്ധമായും വാങ്ങണമെന്ന നിബന്ധന ഒഴിവാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.1582/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 11.06.2018

പരാമർശം :-
1. സ.ഉ.(കൈ.)നം. 22/2018/തസ്വഭവ,തീയതി,14.02.2018
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 17.05.2018-ലെ plg.220/18-19/DPC/DPO/TVM നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.05.2018-ലെ തീരുമാനം നം. 4.32

ഉത്തരവ്

മുകളിൽ ഒന്നാമതായി പരാമർശിച്ച ഉത്തരവു പ്രകാരം പുറപ്പെടുവിച്ച ആസൂത്രണ മാർഗ്ഗരേഖയിൽ മുട്ടക്കോഴികളെ നൽകുന്നതിന് അനുമതിയുണ്ടെന്നും (ഖണ്ഡിക 6.27) മുട്ടക്കോഴികളോടൊപ്പം ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള ഹൈഡെൻസിറ്റി ഫ്രെയിം ഉപയോഗിച്ചുള്ള കൂട് വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ഇതിന് ചെലവ് കൂടുതൽ ആയതിനാലും പലർക്കും കൂടുള്ളതിനാലും നിർബന്ധമായും കൂട് വാങ്ങണമെന്ന നിബന്ധന ഒഴിവാക്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അഭ്യർഥിച്ചിരുന്നു.

2) 23.05.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ 4.32 നമ്പർ തീരുമാന പ്രകാരം കൂടിന് നിലവിൽ നൽകി വരുന്ന, ചെലവിന്റെ 25 ശതമാനം സബ്സിഡി എന്നത് 50 ശതമാനമായി വർദ്ധിപ്പിച്ചും കൂട് ഉള്ളവർക്ക് പ്രസ്തുത വിവരം നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ നിർബന്ധമായും വാങ്ങണമെന്ന നിബന്ധന ഒഴിവാക്കിയും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ആർ.ഗിരിജ ഐ. എ.എസ്
അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ ഇൻ ചാർജ്ജ്)യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (അർബൻ)യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ